**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2789** **06-10-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ പെൻഷൻ ബോർഡ് വഴി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ പെൻഷൻ ബോർഡ് മുഖേന സംസ്ഥാനത്ത് എത്ര പേർക്കാണ് നിലവിൽ പെൻഷൻ നൽകി വരുന്നത്; വിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | 2025 സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും വിവിധ പെൻഷൻ സ്കീമുകൾ മുഖേന പെൻഷൻ ലഭിച്ചവരുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ച എത്രപേർക്കാണ് നിലവിൽ പെൻഷൻ വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ; | (ബി) | 2025 സെപ്റ്റംബർ മാസത്തെ കണക്ക് പ്രകാരം പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും വിരമിച്ച് പെൻഷൻ കൈപ്പറ്റുന്നവർ 20411 പേരാണ്. |

<table>
<tr>
<td>(സി)</td>
<td>പെൻഷൻ ഫണ്ട് പൂർണ്ണമായും അടയ്ക്കാതെ ആനുപാതിക പെൻഷൻ വാങ്ങുന്ന ആളുകളുടെ എണ്ണം എത്രയാണ്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;</td>
<td>(സി)</td>
<td>2025 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകൾ പ്രകാരം ആനുപാതിക പെൻഷൻ കൈപ്പറ്റുന്ന ആളുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.
<table>
<tr><th colspan="2">ആനുപാതിക പെൻഷൻ</th></tr>
<tr><td>തിരുവനന്തപുരം</td><td>104</td></tr>
<tr><td>കൊല്ലം</td><td>15</td></tr>
<tr><td>പത്തനംതിട്ട</td><td>54</td></tr>
<tr><td>ആലപ്പുഴ</td><td>8</td></tr>
<tr><td>കോട്ടയം</td><td>31</td></tr>
<tr><td>ഇടുക്കി</td><td>3</td></tr>
<tr><td>എറണാകുളം</td><td>79</td></tr>
<tr><td>തൃശ്ശൂർ</td><td>20</td></tr>
<tr><td>പാലക്കാട്</td><td>32</td></tr>
<tr><td>മലപ്പുറം</td><td>18</td></tr>
<tr><td>കോഴിക്കോട്</td><td>68</td></tr>
<tr><td>വയനാട്</td><td>3</td></tr>
<tr><td>കണ്ണൂർ</td><td>219</td></tr>
<tr><td>കാസർഗോഡ്</td><td>47</td></tr>
<tr><td>ആകെ</td><td>701</td></tr>
</table>
</td>
</tr>
<tr>
<td>(ഡി)</td>
<td>ഇത്തരക്കാരിൽ നിന്നും പെൻഷൻ ഫണ്ടിലേക്കുള്ള കുടിശിക വസൂലാക്കുന്നതിന് പെൻഷൻ ബോർഡ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;</td>
<td>(ഡി)</td>
<td>പെൻഷൻ ഫണ്ട് പൂർണ്ണമായും അടവാക്കാതെ ആനുപാതിക പെൻഷൻ കൈപ്പറ്റുന്ന ജീവനക്കാർ ജോലി ചെയ്തിരുന്ന സംഘങ്ങളിൽ നിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനായി പെൻഷൻ സ്കീമിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖേന റവന്യൂ റിക്കവറി നടപടികൾ പെൻഷൻ ബോർഡ് സ്വീകരിക്കുന്നുണ്ട്.</td>
</tr>
<tr>
<td>(ഇ)</td>
<td>കേരള ബാങ്ക് ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡിൽ നിന്ന് മാറ്റി കേരള ബാങ്ക് മുഖേന കൊടുക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?</td>
<td>(ഇ)</td>
<td>സഹകരണ പെൻഷൻ പദ്ധതി പരിഷ്കരിക്കുന്നതിനായി രൂപീകരിച്ച സമിതിയുടെ റിപ്പോർട്ടിൽ കേരള ബാങ്കിൽ നിന്നും വിരമിച്ചവരുടെ പെൻഷൻ കേരള ബാങ്കിനെ ഏൽപ്പിക്കുന്നതിന് നിർദ്ദേശം ഉണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും വിവിധ പെൻഷൻ സ്കീമുകൾ മുഖേന പെൻഷൻ ലഭിച്ചവരുടെ കണക്ക്

| പ്രാഥമിക സഹകരണ സംഘങ്ങൾ | സംസ്ഥാന / ജില്ല സഹകരണ ബാങ്ക് (കേരള ബാങ്ക് ) | ഇതര സഹകരണ സംഘങ്ങൾ | ആശ്വാസ് പെൻഷൻ (പ്രാഥമിക സഹകരണ സംഘം) | ആശ്വാസ് പെൻഷൻ (ജില്ലാ സഹകരണ ബാങ്ക് /കേരള ബാങ്ക്) | ആശ്വസ് പെൻഷൻ (ഇതര സഹകരണ സംഘങ്ങൾ) | കയർ പെൻഷൻ | **ആകെ** |
|---|---|---|---|---|---|---|---|
| **20411** | **4541** | **1320** | **31** | **60** | **2** | **282** | **26647** |